## കേരള സർക്കാർ

### സംഗ്രഹം

മത്സ്യബന്ധന തുറമുഖ വകുപ്പ് - വിഴിഞ്ഞം അന്താരാഷ്ട്ര ആഴക്കടൽ വിവിധോദ്ദേശ്യ തുറമുഖ പദ്ധതി - ടൂറിസം മേഖലയിലെ തൊഴിൽ നഷ്ടപ്പെടുന്ന റിസോർട്ട് തൊഴിലാളികൾക്ക് നഷ്ടപരിഹാര പാക്കേജ് അനുവദിച്ച് ഉത്തരവാകുന്നു.

---

### മത്സ്യബന്ധന തുറമുഖ (ഇ) വകുപ്പ്

സ.ഉ.(സാധാ) നമ്പർ 735/2016/മതുവ തിരുവനന്തപുരം, തീയതി: 31-10-2016

---

പരാമർശം :-
1. 20-07-2015 ലെ സ.ഉ.(സാധാ.)577/2015/മതുവ നമ്പർ ഉത്തരവ്
2. വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടറുടെ 26-08-2016 ലെ VISL/2016-17/EE&EII-2/663 നമ്പർ കത്ത്.
3. വിഴിഞ്ഞം തുറമുഖ പദ്ധതി പ്രദേശത്തെ ടൂറിസം മേഖലയിലെ തൊഴിലാളികളുടെ ആക്ഷൻ കൗൺസിൽ സമർപ്പിച്ച 26-08-2016 ലെ നിവേദനം

### ഉത്തരവ്

വിഴിഞ്ഞം അന്താരാഷ്ട്ര ആഴക്കടൽ വിവിധോദ്ദേശ്യ തുറമുഖ പദ്ധതി നടത്തിപ്പ് മൂലം ബാധിക്കപ്പെടുന്നവരെ കണ്ടെത്തുന്നതിനും അവർക്ക് അർഹമായ നഷ്ടപരിഹാരം നിർണ്ണയിക്കുന്നതിനുമായി തിരുവനന്തപുരം റവന്യൂ ഡിവിഷണൽ ഓഫീസറുടെ നേതൃത്വത്തിൽ ഒരു Livelihood Impact Appraisal കമ്മിറ്റിയും തിരുവനന്തപുരം ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ഒരു അപ്പലേറ്റ് കമ്മിറ്റിയും പരാമർശം ഒന്നിലെ ഉത്തരവ് പ്രകാരം രൂപീകരിക്കുകയുണ്ടായി.

2) വിഴിഞ്ഞം തുറമുഖ പദ്ധതി നിർമ്മാണം 8 റിസോർട്ടുകളെ ബാധിക്കുന്നതായും 2015 ഡിസംബർ മാസത്തോടെ തീരദേശത്തു കൂടിയുള്ള റോഡ് നിർമ്മാണവും, കടൽ നികത്തുന്ന ജോലികളും ആരംഭിച്ചതു മുതൽ പ്രസ്തുത റിസോർട്ടുകളിൽ ടൂറിസ്റ്റുകാർ വരുന്നില്ലായെന്നത് ഒരു വസ്തുതയാണെന്നും ആയതിനാൽ പ്രസ്തുത റിസോർട്ട് ഉടമകൾ അവിടത്തെ തൊഴിലാളികൾക്ക് നൽകി വന്നിരുന്ന പ്രതിമാസ ശമ്പളം നൽകുന്നില്ലായെന്ന് തൊഴിലാളികൾ ബോധിപ്പിച്ചിരിക്കുകയാണെന്നും ടി സാഹചര്യത്തിൽ റിസോർട്ട് തൊഴിലാളികൾക്ക് അനുയോജ്യമായ നഷ്ടപരിഹാര പാക്കേജ് അനുവദിക്കണമെന്നും പരാമർശം രണ്ട് പ്രകാരം വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ അഭ്യർത്ഥിച്ചിരിക്കുന്നു.

3) തുറമുഖ നിർമ്മാണത്തിനായി തീരത്തുകൂടി പണിത താത്ക്കാലിക റോഡിന്റെ നിർമ്മാണവും കടൽ നികത്തൽ പ്രവർത്തനങ്ങളും ആരംഭിച്ചതു മുതൽ റിസോർട്ടുകളുടെ പ്രവർത്തനം ഏതാണ്ട് നിലച്ചിട്ടുണ്ടെന്നും, തുറമുഖ നിർമ്മാണം മൂലം തൊഴിൽ നഷ്ടപ്പെടുന്ന ജീവനക്കാരിൽ ഭൂരിഭാഗവും തദ്ദേശീയരും 45 വയസ്സിനുമേൽ പ്രായമായവരാണെന്നും ആയതിനാൽ റിസോർട്ട് മേഖലയിൽ തുടർ തൊഴിൽ ലഭിക്കുന്നതിനുള്ള സാധ്യത തീരെ കുറവാണെന്നും ടി സാഹചര്യത്തിൽ തങ്ങൾക്ക് നഷ്ടപരിഹാരം അനുവദിക്കണമെന്നും പരാമർശം മൂന്ന് പ്രകാരം റിസോർട്ട് ജീവനക്കാരുടെ പ്രതിനിധികൾ സർക്കാരിനെ അറിയിക്കുകയുണ്ടായി.

4) പദ്ധതിയുമായി ബന്ധപ്പെട്ട പാരിസ്ഥിതിക – സാമൂഹിക ആഘാത പഠന റിപ്പോർട്ടിൽ ടി റിസോർട്ടുകളിലെ തൊഴിലാളികൾക്ക് പ്രതിമാസം 10,000/- രൂപ നിരക്കിൽ 6 മാസത്തെ വേതനമായ 60,000/- രൂപ വീതം നഷ്ടപരിഹാരമായി നൽകുവാനാണ് ശുപാർശ ചെയ്തിരുന്നത്. തൊഴിലാളികൾ ഈ 6 മാസ കാലയളവിൽ മറ്റു ജോലികൾ കണ്ടെത്തുമെന്ന വിലയിരുത്തലിന്റെ അടിസ്ഥാനത്തിലായിരുന്നു പ്രസ്തുത ശുപാർശ. നഷ്ടപരിഹാരം നൽകുന്നതു സംബന്ധിച്ച് സംസ്ഥാന സർക്കാർ രൂപീകരിച്ച ഉപജീവനാഘാത നിർണ്ണയ സമിതിയും (LIAC) പരിസ്ഥിതി പഠന റിപ്പോർട്ടിലെ നിർദ്ദേശം തന്നെ ശുപാർശ ചെയ്യുകയാണുണ്ടായത്. തുടർന്ന് LIAC റിപ്പോർട്ടിന്മേൽ ആക്ഷേപം സ്വീകരിച്ച് അവ പരിശോധിച്ച് ഒരു പാക്കേജ് തയ്യാറാക്കുവാനായി LIAC അപ്പീൽ കമ്മിറ്റി ജില്ലാ ലേബർ ഓഫീസറെ ചുമതലപ്പെടുത്തി. പരമാവധി 30,000/- രൂപ പ്രതിമാസ വരുമാനം എന്നതിൽ നിന്നുകൊണ്ട് 12 മാസത്തെ വേതനത്തിനു തുല്യമായ തുക തൊഴിലാളികൾക്കു നൽകുവാൻ ജില്ലാ ലേബർ ഓഫീസർ സമർപ്പിച്ച റിപ്പോർട്ട് ശുപാർശ ചെയ്തു. തുടർന്ന് ഈ റിപ്പോർട്ട് പ്രസിദ്ധീകരിക്കുകയും തൊഴിലാളികളുടെ അപ്പീൽ സ്വീകരിക്കുകയും ചെയ്തു. പ്രസ്തുത അപ്പീലുകൾ പരിശോധിച്ച LIAC അപ്പീൽ കമ്മിറ്റി നഷ്ടപരിഹാര തുക കണക്കാക്കുവാനായി 12 മാസത്തിനു പകരം 16 മാസത്തെ വേതനം പരിഗണിക്കാവുന്നതാണെന്ന് ശുപാർശ ചെയ്തു.

5) സർക്കാർ ഇക്കാര്യങ്ങൾ വിശദമായി പരിശോധിച്ച് ടൂറിസം മേഖലയിലുള്ള നിലവിലെ മാന്ദ്യവും തൊഴിലാളികളുടെ പ്രായവും അവർക്ക് പകരം ജോലി ലഭിക്കുവാൻ കാലതാമസമുണ്ടായേക്കുമെന്ന കാര്യവും പരിഗണിച്ച് തിരുവനന്തപുരം ജില്ലാ ലേബർ ഓഫീസർ സമർപ്പിച്ച റിപ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടുള്ള മാസശമ്പളത്തിന്റെ (പരമാവധി പ്രതിമാസ ശമ്പളം 30,000/- രൂപ) 20 മടങ്ങ് നഷ്ടപരിഹാരമായി കണക്കാക്കി ഒരു റിസോർട്ട് ജീവനക്കാരന് ഏറ്റവും കുറഞ്ഞ നഷ്ടപരിഹാര തുകയായി 2,50,000/- രൂപയും കൂടിയ തുകയായി 6,00,000/- രൂപയും എന്നതിൽ നിന്നുകൊണ്ട് ജില്ലാ ലേബർ ഓഫീസർ സമർപ്പിച്ച റിപ്പോർട്ടിൽ പരാമർശിക്കുന്ന

നഷ്ടപരിഹാര പാക്കേജിനർഹരായ 211 റിസോർട്ട് തൊഴിലാളികൾക്ക് (റിപ്പോർട്ട് അനുബന്ധമായി ചേർത്തിട്ടുണ്ട്.) ചുവടെ ചേർത്തിരിക്കുന്ന പ്രകാരം നഷ്ടപരിഹാരം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നം. | ഇനം | തൊഴിലാളികളുടെ എണ്ണം | രൂപ |
|---|---|---|---|
| 1 | 2,50,000 രൂപ വരെ നഷ്ടപരിഹാരത്തിന് അർഹരായവർ | 140 | 3,50,00,000 |
| 2 | 2,50,000 രൂപയ്ക്ക് മുകളിൽ 6,00,000 രൂപ വരെ നഷ്ടപരിഹാരത്തിന് അർഹരായവർ | 71 | 2,61,40,000 |
| | ആകെ | 211 | 6,11,40,000 |

6) നഷ്ടപരിഹാര പാക്കേജിനുള്ള മേൽ തുക "5051-01-001-99-Development of Vizhinjam Deepwater International Transhipment Terminal എന്ന ശീർഷകത്തിൽ നിന്നും വഹിക്കാവുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ജയിംസ് വർഗ്ഗീസ്**
**പ്രിൻസിപ്പൽ സെക്രട്ടറി**

1. മാനേജിംഗ് ഡയറക്ടർ, വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് ലിമിറ്റഡ്, തിരുവനന്തപുരം
2. തുറമുഖ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
5. ധനകാര്യ വകുപ്പ് (293970/PUB 3.16/ധന അനൗദ്യോഗിക കുറിപ്പ് പ്രകാരം)
6. പൊതുഭരണ (SC) വകുപ്പ്
7. ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂമീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
8. കരുതൽ ഫയൽ / ഓഫീസ് കോപ്പി

പകർപ്പ് : തുറമുഖ വകുപ്പ് മന്ത്രിയുടെ സ്പെഷ്യൽ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ